**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**5544**

18-11-2019 ൽ മറുപടിയ്ക്ക്

**കൊല്ലങ്കോട് ഫയർ സ്റ്റേഷൻ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.ബാബു** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ഫയർ & സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) & ബി) പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി 2007, 2011 വർഷങ്ങളിൽ സർക്കാർ അനുമതി നൽകിയിരുന്ന മുൻഗണനാ പട്ടികകളിൽ കൊല്ലങ്കോട് ഉൾപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് കൊല്ലങ്കോട് I വില്ലേജിൽ റീസർവേ നമ്പർ.523/11- ൽപ്പെട്ട ട്രഷറി വകുപ്പിന്റെ കൈവശത്തിലുള്ള 0.9275 ഹെക്ടർ ഭൂമിയിൽ നിന്നും 50 സെന്റ് ഭൂമി ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണത്തിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും അഗ്നിരക്ഷാ സേവന വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ളതും ആണ്. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി 320 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് തടസ്സമായ മരങ്ങൾ ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് നിശ്ചയിച്ച വില അനുസരിച്ച് ലേല നടപടികൾ സ്വീകരിച്ച് മുറിച്ച് മാറ്റി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി) | ഫയർ സ്റ്റേഷന് ആവശ്യമായ എന്തെല്ലാം ഒരുക്കങ്ങളാണ് നിലവിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ